# 13-ാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 2495** **23.01.2014-ൽ മറുപടിക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി . ജലീൽ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള അപേക്ഷയും അനുബന്ധ രേഖകളും കൃത്യമായി സ്ഥാപന മേധാവി മുഖേന നൽകിയിട്ടുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ യഥാസമയം പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഏതു കാലഘട്ടം വരെയുള്ളതാണ് വിതരണം ചെയ്തിട്ടുള്ളത്; കുടിശ്ശിക വരാനിടയായ കാരണം വ്യക്തമാക്കുമോ; | (ബി) | പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ശരിയായ രീതിയിൽ ഈ-ഗ്രാന്റ് സംവിധാനത്തിൽ ക്ലെയിം ചെയ്തിട്ടുള്ളവരുടെ ഡിസംബർ വരെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.<br>വിദ്യാർത്ഥികളോ സ്ഥാപനങ്ങളോ ഈ-ഗ്രാന്റ് സംവിധാനം വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ ബ്രാഞ്ച് കോഡ്, ഐ.എഫ്.എസ്.സി. കോഡ് എന്നിവയിൽ ഏതെങ്കിലും വ്യത്യാസം ഉണ്ടാവുകയോ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധപ്പെടുത്തുന്നതിന് കാലതാമസം വരുകയോ ചെയ്യുന്ന കേസുകളിൽ ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച CPSMS (Central |

| | | | |
|---|---|---|---|
| | | | Plan Scheme Monitoring System) എന്ന സംവിധാനത്തിൽ ഉണ്ടാകുന്ന സാങ്കേതിക താമസം മൂലവും പോസ്റ്റ് മെട്രിക് കോഴ്സിനു പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. ആയതു പരിഹരിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.<br>പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ സ്ഥാപന മേധാവികൾ മുഖേന കുടിശ്ശിക ഇല്ലാതെ നൽകിയിട്ടുണ്ട്. |
| (സി) | സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും കൃത്യമായി ലഭിക്കാത്തതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ തുടർ പഠനത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | ഇല്ല. |

**സെക്ഷൻ ആഫീസർ**